15312
13/11/15

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പത്രപ്രവർത്തക ആരോഗ്യ പരിരക്ഷാ പദ്ധതി - സർക്കാർ വിഹിതമായി 25 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

സ.ഉ. (എം.എസ്) നം. 16/2015/ഐ & പി.ആർ. തീയതി, തിരുവനന്തപുരം, 12/11/2015

===========================================================================

പരാമർശം:
1) സ.ഉ.(സാ)നം.67/99/ഐ &പി.ആർ. തീയതി 31.03.1999
2) സ.ഉ.(എം.എസ്).നം.15/14/ഐ&പി.ആർ തീയതി 27.11.2014
3) കെ.യു.ഡബ്ള്യൂ.ജെ.ജനറൽ സെക്രട്ടറിയുടെ 06.09.2015 തീയതിയിലെ കത്തും അനുബന്ധരേഖകളും

<u>ഉത്തരവ്</u>

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ആവിഷ്കരിച്ച പത്രപ്രവർത്തക ആരോഗ്യ പരിരക്ഷാ പദ്ധതിയിലേക്ക് 25,00,000/-രൂപ (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തിലെ `2220-60-800-75-(NP)` എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം 1.04.2014 മുതൽ 31-03-2017 വരെയുള്ള മൂന്നു വർഷത്തേക്ക് കൂടി പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (3) പ്രകാരം ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലും കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും, ഓഡിറ്റഡ് സ്റ്റേറ്റ്മെന്റും കേരള പത്ര പ്രവർത്തക യൂണി യൻ ഹാജരാക്കുകയുണ്ടായി.

ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ `2220-60-800-75-(NP)` എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) പത്രപ്രവർത്തകർക്കുള്ള ആരോഗ്യ പരിരക്ഷ പദ്ധതിക്കായി കേരള പത്ര പ്രവർത്തക യൂണിയൻ ജനറൽ സെക്രട്ടറിയുടെ പേരിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. തുക ഡി.ഡി ആയി ജനറൽ സെക്രട്ടറി, കേരളപത്രപ്രവർത്തക യൂണിയൻ (KUWJ) എന്ന വിലാസത്തിൽ നൽകേണ്ടതാണ്. പ്രസ്തുത തുക ചെലവഴിച്ചത് സംബന്ധിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ്, ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് എന്നിവ കേരള പത്രപ്രവർത്തക യൂണിയൻ കണിശമായും ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**മേരി മെലനി നെറ്റാർ**

ഡെപ്യൂട്ടി സെക്രട്ടറി

1. ജനറൽ സെക്രട്ടറി, കേരളപത്രപ്രവർത്തക യൂണിയൻ(KUWJ), സ്റ്റേറ്റ് കമ്മിറ്റി, കേസരി മന്ദിരം, പുളിമൂട്, തിരുവനന്തപുരം - 695001
2. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ് ( 3 പ്രതികൾ)
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ (വ്യയം-ബി) വകുപ്പ് (76987/വ്യയം-ബി2/15/ധന നമ്പർ ഫയൽ പ്രകാരം)
5. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

R Jayasree

സെക്ഷൻ ഓഫീസർ